കേരള സർക്കാർ

കേരള സർക്കാർ തൊഴിൽ വകുപ്പ്
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE)

# ദേശീയ ലേബർ കോൺക്ലേവ് 2025




# ലേബർ കോഡുകൾ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും

2025 ഡിസംബർ 19

**കേരളത്തിന്റെ തൊഴിൽ നിയമങ്ങളെയും സർവോപരി തൊഴിൽ മേഖലയെ തന്നെയും ഗൗരവമായി സ്വാധീനിക്കുന്ന പുതിയ ലേബർ കോഡുകളെ വിലയിരുത്തുന്നതിനായി ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളിലെയും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സംഘടിപ്പിച്ച ലേബർ കോൺക്ലേവ് 2025**

# പശ്ചാത്തലം



ഇന്ത്യയിൽ നിലനിന്നിരുന്ന വിപുലമായ തൊഴിൽ നിയമങ്ങളെ ഏകീകൃത കോഡുകളാക്കി ലളിതമാക്കണമെന്ന് രണ്ടാം ദേശീയ തൊഴിൽ കമ്മീഷൻ (2002) ശുപാർശ ചെയ്തതിനെ തുടർന്ന് വേജ് കോഡ്(2019), ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് (2020), സോഷ്യൽ സെക്യൂരിറ്റി കോഡ് (2020), ഒക്യൂപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് ആൻഡ് വർക്കിങ്ങ് കണ്ടീഷൻസ് കോഡ്(2020) എന്നിങ്ങനെ നാല് കോഡുകൾ പാർലമെന്റ് പാസാക്കുകയും ഇവ 2025 നവംബർ 21 മുതൽ പ്രാബല്യത്തിൽ വന്നിരിക്കുകയുമാണ്.

ഈ പരിഷ്ക്കരണം ഇന്ത്യയിലെ തൊഴിൽ മേഖലയേയും വ്യാവസായിക പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാർ വാദിക്കുന്നുണ്ടെങ്കിലും ദീർഘകാലമായി നിലനിൽക്കുന്ന തൊഴിലാളി സംരക്ഷണങ്ങളും ട്രേഡ് യൂണിയൻ അവകാശങ്ങളും സംസ്ഥാന തൊഴിൽ വകുപ്പിന്റെ ഭരണ സ്വാതന്ത്ര്യവും ക്ഷയിപ്പിക്കുന്ന വ്യവസ്ഥകൾ ഈ കോഡുകളിൽ ഉണ്ടെന്ന ശക്തമായ ആശങ്ക കേരള സർക്കാരിനുണ്ട്. ഫെഡറൽ അവകാശങ്ങളെയും ട്രേഡ് യൂണിയൻ അവകാശങ്ങളെയും തൊഴിലാളി സംരക്ഷണ നിയമങ്ങളെയും ഈ കോഡുകൾ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക ഇതിനകം തന്നെ ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ട്രേഡ് യൂണിയനുകൾ ഉന്നയിച്ചിട്ടുമുണ്ട്. അതേ സമയം നിരവധി തൊഴിലുടമ സംഘടനകൾ ഈ കോഡുകളെ കൂടുതൽ അനുകൂലമായി കാണുന്നു.



രാജ്യത്തെ വൈവിധ്യമാർന്ന തൊഴിൽ ശക്തിയും ത്വരിതമായ സാങ്കേതിക മാറ്റങ്ങളും സംസ്ഥാനങ്ങളിലെ സാമൂഹ്യ സാമ്പത്തിക വ്യതിയാനങ്ങളും പരിഗണിക്കുമ്പോൾ തൊഴിൽ കോഡുകളുടെ ശ്രദ്ധാപൂർവവും വിമർശനാത്മകവും സർവതല സ്പർശിയുമായ ഒരു പുന:പരിശോധന തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും ഫെഡറൽ സിദ്ധാന്തങ്ങൾ പാലിക്കാനും അനിവാര്യമാണ്. ഇതിൽ കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും മന്ത്രിമാർ, തൊഴിൽ നിയമ വിദഗ്ധർ, ട്രേഡ് യൂണിയൻ നേതാക്കൾ, വ്യവസായ മേലയിലെ വിദഗ്ധർ, ഗവേഷകർ, മുതിർന്ന ഭരണകർത്താക്കൾ എന്നിവരെ ഒരുമിപ്പിച്ചുകൊണ്ട് തൊഴിൽ കോഡുകളുടെ പ്രത്യാഘാതങ്ങൾ പഠിക്കാനും പ്രതികൂല ഘടകങ്ങളെ ഒഴിവാക്കാനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്താനും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചുള്ള കേരളത്തിന്റെ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നതുമായ ശുപാർശകൾ വികസിപ്പിക്കാനും സഹായിക്കുന്ന ഉന്നത നിലവാരമുള്ള ആശയ സംവാദ വേദിയായിട്ടാണ് ലേബർ കോൺക്ലേവ് 2025 രൂപകൽപ്പന ചെയ്തത്. ചർച്ചയിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ കേരളത്തിലെ തൊഴിൽ സാഹചര്യങ്ങൾക്ക് അനുഗുണമാകുന്ന വിധത്തിൽ പുതിയ നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദേശങ്ങൾ സമർപ്പിക്കുന്നതിനും കേരളത്തിന്റേതായ തൊഴിൽ നയവും നിയമവും രൂപീകരിക്കുന്നതിനും ഈ ലേബർ കോൺക്ലേവ് ശക്തമായ അടിസ്ഥാനമായി.




## ദേശീയതല ലേബർ കോൺക്ലേവ്

# ചരിത്രദൗത്യവുമായി കേരളം

ഇന്ത്യയിൽ തൊഴിലാളി വർഗത്തിന്റെ അടിസ്ഥാനപരമായ അവകാശങ്ങളും അന്തസ്സും കാത്തുസൂക്ഷിച്ചിരുന്നതും നിലനിന്നു പോന്നിരുന്നതുമായ വിപുലമായ തൊഴിൽ നിയമങ്ങളെ കേന്ദ്ര സർക്കാർ നാല് ഏകീകൃത കോഡുകളാക്കി പരമിതപ്പെടുത്തിയതിനെതിരേ വിവിധ ട്രേഡ് യൂണിയൻ, രാഷ്ട്രീയ, സാമൂഹിക രംഗത്തെ പ്രഗൽഭർ, പ്രമുഖർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് കേരള സർക്കാർ സംഘടിപ്പിച്ച ദേശീയതല ലേബർ കോൺക്ളേവ് ധീരവും ശക്തവും സമുജ്ജ്വലവുമായ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും വേദിയായി. തൊഴിൽ വകുപ്പും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ളോയ്മെന്റ്-കിലെയും സംയുക്തമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദേശീയ ലേബർ കോൺക്ളേവ്, തൊഴിൽ കോഡുകൾ എന്ന പേരിൽ തൊഴിലാളിവർഗത്തിന്റെ മേൽ സൃഷ്ടിക്കപ്പെടുന്ന സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങളെ മറികടക്കുന്നതിനുള്ള കരുത്തുറ്റ ആശയങ്ങളും നിയമ നിർമാണം അടക്കമുള്ള വൈവിധ്യങ്ങളായ പ്രശ്നപരിഹാര മാർഗ രൂപീകരണങ്ങളുടെയും വേദിയായി. തൊഴിലാളി സമൂഹത്തിന്റെ ജനാധിപത്യപരമായ അവകാശങ്ങൾ കവർന്നെടുക്കുന്നതിനെതിരേ ശബ്ദമുയർത്താൻ ആദ്യം വേദിയൊരുക്കിയത് കേരളമാണെന്നതും ദേശീയതലത്തിൽ തന്നെ ശ്രദ്ധേയാകർഷിച്ചു കഴിഞ്ഞിട്ടുണ്ട്. മനുഷ്യത്വപരമായ സമീപനത്തെ പാടേ മറന്ന് തികച്ചും അശാസ്ത്രീയവും ഏകപക്ഷീയവുമായ രീതിയിൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ നാല് തൊഴിൽ കോഡുകളെ വളരെ ആഴത്തിൽ പരിശോധിക്കുന്നതിന് ലേബർ കോൺക്ളേവ് വഴിയൊരുക്കി. തൊഴിൽ കോഡുകൾ നടപ്പാക്കിയ നീതിരാഹിത്യത്തിൽ നിന്നും രാജ്യമൊട്ടാകെയുള്ള തൊഴിലാളി സമൂഹത്തെ മോചിപ്പിക്കുന്നതിനും അവർ അർഹിക്കുന്ന എല്ലാ നീതിയും അവകാശങ്ങളും വീണ്ടെടുത്തു നൽകാനുമുള്ള ചരിത്രപരമായ ദൗത്യത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തിൽ തുടക്കമിട്ടു.

## ദേശീയ ലേബർ കോൺക്ലേവ്:

# തൊഴിലാളി വർഗത്തിന്റെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കാനുള്ള ജനാധിപത്യ പ്രതിരോധത്തിന്റെ വേദി: മുഖ്യമന്ത്രി പിണറായി വിജയൻ

തൊഴിൽ വകുപ്പും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്-കിലെയും സംഘടിപ്പിച്ച ദേശീയ ലേബർ കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ദേശീയ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയായ തൊഴിലാളി വർഗത്തിന്റെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കാനുള്ള നിയമപരവും രാഷ്ട്രീയവും ജനാധിപത്യപരവുമായ പ്രതിരോധത്തിന്റെ വേദിയാണ് ദേശീയതല ലേബർ കോൺക്ലേവ് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

രാജ്യത്തെ തൊഴിൽ നിയമങ്ങൾ ലഘൂകരിക്കുന്നു എന്ന വ്യാജേന കേന്ദ്ര സർക്കാർ നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങളെ വേതനം, വ്യവസായ ബന്ധങ്ങൾ, സാമൂഹിക സുരക്ഷ, തൊഴിൽ സുരക്ഷയും ആരോഗ്യവും എന്നിങ്ങനെ നാല് തൊഴിൽകോഡുകളായി ഏകീകരിച്ചിരിക്കുകയാണ്. ഈ കോഡുകൾ നടപ്പാക്കുന്നത് തൊഴിലാളികളുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കുമെന്ന വ്യാപകമായ ആശങ്ക പൊതുസമൂഹത്തിനുണ്ട്. ഈ ആശങ്കകൾ ചർച്ച ചെയ്യാനും വരാനിരിക്കുന്ന പ്രതിസന്ധികളെ മറികടക്കാനുമുള്ള വഴികൾ തേടാനുമുള്ള ഒരു വേദിയാണ് ഈ ലേബർ കോൺക്ലേവ്.

ഇന്ത്യൻ തൊഴിൽ മേഖല ഇന്ന് ചരിത്രപരമായ ഒരു സന്ധിയിലൂടെയാണ് കടന്നു പോകുന്നത്. ഒരു പക്ഷേ സ്വാതന്ത്ര്യാനന്തര ഭാരതം കണ്ട ഏറ്റവും വെല്ലുവിളി നിറഞ്ഞ കാലഘട്ടം. മൂലധന ശക്തികളും അധ്വാനിക്കുന്ന വിഭാഗവും തമ്മിലുള്ള അസമത്വം ആഗോളതലത്തിൽ വർധിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തൊഴിലാളി വർഗത്തിനൊപ്പം നിൽക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ജനങ്ങളുടെ ആശങ്കകൾ പങ്കുവയ്ക്കുകയും അവർക്കൊപ്പം നിൽക്കുകയും ചെയ്യുക എന്നത് ഒരു ജനാധിപത്യ സർക്കാരിന്റെ രാഷ്ട്രീയവും ധാർമികവുമായ ബാധ്യതയാണ്. തൊഴിലാളികളുടെ മൗലികാവകാശങ്ങൾ പരിമിതപ്പെടുത്തുകയും വൻകിട കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്ന നയസമീപനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്ന് ഉണ്ടാകുമ്പോൾ അതിനെതിരേ യുക്തിസഹവും ജനാധിപത്യപരവുമായ വിയോജിപ്പ് രേഖപ്പെടുത്തുക എന്നത് ഉത്തരവാദിത്തമുള്ള സമൂഹത്തിന്റെ കടമയാണ്.

സുസ്ഥിരമായ വികസന മാതൃകകൾ സൃഷ്ടിക്കാൻ തൊഴിൽ സുരക്ഷയും സാമൂഹികക്ഷേമവും ഉറപ്പാക്കണം. ജിഡിപി കണക്കുകളിലൂടെയോ കോർപ്പറേറ്റ് ലാഭപ്പട്ടികയിലൂടെയോ മാത്രമല്ല വികസനത്തിന്റെ നിർവചനം. മനുഷ്യന്റെ ജീവിതനിലവാരത്തിലുണ്ടാകുന്ന ഗുണപരമായ മാറ്റത്തിലൂടെയും സാമൂഹ്യ

> **സുസ്ഥിരമായ വികസന മാതൃകകൾ സൃഷ്ടിക്കാൻ തൊഴിൽ സുരക്ഷയും സാമൂഹികക്ഷേമവും ഉറപ്പാക്കണം. ജിഡിപി കണക്കുകളിലൂടെയോ കോർപ്പറേറ്റ് ലാഭപ്പട്ടികയിലൂടെയോ മാത്രമല്ല വികസനത്തിന്റെ നിർവചനം. മനുഷ്യന്റെ ജീവിത നിലവാരത്തിലുണ്ടാകുന്ന ഗുണപരമായ മാറ്റത്തിലൂടെയും സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയിലൂടെയുമാണ്.**




നീതിയിൽ അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയിലൂടെയുമാണ്.

ഇന്ന് നാം ആസ്വദിക്കുന്ന തൊഴിൽ നിയമങ്ങളും അവകാശങ്ങളും ഭരണകൂടം നൽകിയ ദാനമല്ല. സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളുടെയും തുടർന്നു വന്ന കർഷക തൊഴിലാളി സമരങ്ങളുടെയും ഫലമായി ചോരയുംനീരും നൽകി പോരാടി നേടിയെടുത്തവയാണ്. മുംബൈയിലെ തുണി മിൽ തൊഴിലാളികൾ, കൽക്കട്ടയിലെ ചണം തൊഴിലാളികൾ, കാൺപൂരിലെയും അഹമ്മദാബാദിലെയും തൊഴിലാളികൾ എന്നിവർ രാജ്യത്തുട നീളം നടത്തിയ ചരിത്രപരമായ പോരാട്ടങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അവിഭാജ്യഘടകമായിരുന്നു. കേരളത്തിൽ പുന്നപ്ര -വയലാർ, കയ്യൂർ, കരിവെള്ളൂർ സമരങ്ങൾ-കയർ, കശുവണ്ടി, കൈത്തറി, പ്ളാന്റേഷൻ മേഖലകളിലെ തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങൾ, തൊഴിൽ അവകാശങ്ങൾ നേടുന്നതിനും ഫ്യൂഡലിസം അവസാനിപ്പിക്കുന്നതിനും ഉള്ളവയായിരുന്നു. ഈ പ്രസ്ഥാനങ്ങൾക്കെല്ലാം വ്യക്തമായ സാമ്രാജ്യത്വ വിരുദ്ധ രാഷ്ട്രീയ ഉള്ളടക്കം ഉണ്ടായിരുന്നു. ആ ചരിത്ര ബോധം ഇന്ന് നമുക്ക് കരുത്തു പകരണം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ രൂപം കൊണ്ട തൊഴിൽ നിയമങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്തിട്ടുള്ള സോഷ്യലിസം എന്ന സങ്കൽപ്പത്തോടും നിർദേശക തത്വങ്ങളിൽ പരാമർശിച്ചിട്ടുള്ള 'ക്ഷേമരാഷ്ട്രം' എന്ന സങ്കൽപ്പത്തോടും കൂറു പുലർത്തുന്നവയായിരുന്നു.

എട്ടുമണിക്കൂർ ജോലി, കുറഞ്ഞ വേതനം, ബോണസ്, ഇ.എസ്.ഐ, പി.എഫ് തുടങ്ങിയ ആനുകൂല്യങ്ങൾ കൂട്ടായ വിലപേശലിലൂടെയും നേടിയെടുത്തതാണ്. 1947ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, 1948-ലെ ഫാക്ടറീസ് ആക്ട്, മിനിമം വേജസ് ആക്ട്, തുടങ്ങിയ നിയമങ്ങളെല്ലാം തൊഴിലാളിയെ വെറുമൊരു ഉപകരണമായല്ല, മറിച്ച് അവകാശങ്ങളുള്ള പൗരനായാണ് കാണുന്നത്. മുതലാളിത്തത്തിന്റെ അമിതമായ ലാഭക്കൊതിയെ നിയന്ത്രിക്കാനും സമ്പത്തിന്റെ തുല്യമായ വിതരണം ഉറപ്പാക്കാനും ഈ നിയമങ്ങൾ ഒരു പരിധി വരെ സഹായിച്ചു. എങ്കിലും 1990-കളിൽ ആരംഭിച്ച നവലിബറൽ നയങ്ങൾ തൊഴിൽ മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. കോൺഗ്രസ് സർക്കാരുകൾ തുടക്കമിട്ട ഈ നയങ്ങൾ പിന്നീട് ബി.ജെ.പി സർക്കാരുകൾ കൂടുതൽ തീവ്രമായും ആവേശത്തോടെയും നടപ്പാക്കി. പൗരന്റെ സംരക്ഷകൻ എന്ന നിലയിൽ നിന്ന് വിപണിയുടെ സഹായി എന്ന നിലയിലേക്ക് ഭരണകൂടത്തിന്റെ പങ്ക് മാറുന്നത് നാം കണ്ടു. ഈ സാഹചര്യം തൊഴിലാളികളുടെ തൊഴിൽ സുരക്ഷയേയും ജീവിത സാഹചര്യങ്ങളെയും ദോഷകരമായി ബാധിച്ചു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കലിനും നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ പോലുള്ള പദ്ധതികൾക്കും നാം സാക്ഷ്യം വഹിക്കുന്നു. ഇത് രാജ്യത്തിന്റെ പൊതുസ്വത്തുക്കൾ സ്വകാര്യവൽക്കരിക്കുന്നതിലേക്ക് നയിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും വിറ്റഴിക്കുന്നു. സ്ഥിരം നിയമനങ്ങൾക്ക് പകരം കരാർ നിയമനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് തൊഴിൽ വിപണിയിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നു. തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം അവഗണിക്കപ്പെടുന്നു. ഒരേ ജോലി ചെയ്യുന്ന സ്ഥിരം തൊഴിലാളികൾക്കും കരാർ തൊഴിലാളികൾക്കും വ്യത്യസ്ത വേതനം നൽകുന്ന രീതി വ്യാപകമാവുകയാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശേഷിയെ ദുർബലപ്പെടുത്തുന്നു. ഈ നയങ്ങളുടെ തുടർച്ചയായാണ് കേന്ദ്ര സർക്കാർ നാല് തൊഴിൽ കോഡുകൾ അവതരിപ്പിച്ചത്. തൊഴിൽ നിയമങ്ങൾ ലഘൂകരിക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും ഈ മാറ്റങ്ങൾ മൗലികവും പിന്തിരിപ്പനുമാണെന്നും തൊഴിൽ സുരക്ഷയേയും സേവന




വ്യവസ്ഥകളെയും മോശമായി ബാധിക്കുമെന്നും വ്യാപകമായ വിമർശനമുണ്ട്.

തൊഴിലാളി സംഘടനകൾ ചൂണ്ടിക്കാണിച്ചതു പോലെ, നിലവിലുള്ള 29 തൊഴിൽ നിയമങ്ങളെ ഏകീകരിക്കുന്നത് യഥാർത്ഥത്തിൽ തൊഴിലാളികളുടെ നിയമപരമായ പരിരക്ഷ ഇല്ലാതാക്കാനാണ്. ഇത് ഗൗരവമായ പരിശോധന അർഹിക്കുന്നു. പ്രതിപക്ഷത്തിന്റെ അഭാവത്തിലും ജനാധിപത്യപരമായ ചർച്ചകൾ കൂടാതെയും ഈ കോഡുകൾ പാർലമെന്റിൽ പാസാക്കി എന്നത് ഇതിന് പിന്നിലെ ഗൂഢലക്ഷ്യം വ്യക്തമാക്കുന്നു. ഇത് കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന ഒരു തൊഴിൽ വിപണി സൃഷ്ടിക്കാനുള്ള ആസൂത്രിത നീക്കമാണ്.

ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് എന്നു പേരിട്ടിരിക്കുന്ന പുതിയ നിയമത്തിലെ വ്യവസ്ഥകൾ തൊഴിൽ സുരക്ഷയെ ഗുരുതരമായി ബാധിക്കുന്നു. ലേ-ഓഫ് ചെയ്യാനോ തൊഴിലാളികളെ പിരിച്ചു വിടാനോ സ്ഥാപനങ്ങൾ അടച്ചു പൂട്ടാനോ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുള്ള സ്ഥാപനങ്ങളുടെ പരിധി 100 തൊഴിലാളികളിൽ നിന്ന് 300 ആക്കി ഉയർത്തി എന്നതാണ് ഏറ്റവും ശ്രദ്ധേയം. ഇതിനർത്ഥം രാജ്യത്തെ 90 ശതമാനത്തിലധികം ഫാക്ടറികളിലും വ്യവസായ സ്ഥാപനങ്ങളിലും തൊഴിലുടമകൾക്ക് സർക്കാരിന്റെ അനുമതി ഇല്ലാതെ തൊഴിലാളികളെ പിരിച്ചു വിടാം എന്നാണ്. തൊഴിലുടമയുടെ താൽപ്പര്യമനുസരിച്ച് എപ്പോൾ വേണമെങ്കിലും തൊഴിലാളികളെ പുറത്താക്കാം. ഇത് ഹയർ ആൻഡ് ഫയർ നയം നിയമവിധേയമാക്കുന്നതിന് തുല്യമാണ്. തൊഴിൽ സുരക്ഷ എന്നത് ഇനി പഴങ്കഥയാകും. കൂടാതെ ഫിക്സഡ് ടേം എംപ്ളോയ്മെന്റ് അഥവാ നിശ്ചിത കാലത്തേക്കുള്ള കരാർ നിയമനങ്ങൾ നിയമവിധേയമാക്കുന്നു. ഇത് സ്ഥിരം ജോലി എന്ന സങ്കൽപ്പത്തെ തന്നെ ഇല്ലാതാക്കും. സ്ഥിരം സ്വഭാവമുള്ള ജോലികൾക്ക് പോലും കരാർ നിയമനങ്ങൾഅനുവദിക്കുന്നതിലൂടെ തൊഴിലാളികൾ നിരന്തരമായ ഭീഷണിയിലാകുന്നു. ഇത് അവരെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ നിന്ന് അകറ്റുന്നു. കരാർ കാലാവധി കഴിയുമ്പോൾ യാതൊരു ആനുകൂല്യവുമില്ലാതെ അവരെ പിരിച്ചു വിടാം. കരാർ പുതുക്കിയില്ലെങ്കിൽ ജോലി നഷ്ടപ്പെടുമെന്ന ഭയം ചൂഷണത്തിനെതിരേ ശബ്ദമുയർത്തുന്നതിൽ നിന്ന് തൊഴിലാളികളെ തടയുന്നു. ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ ജോലി ഉണ്ടാകുമോ എന്ന് ഉറപ്പില്ലാത്ത ഒരു തൊഴിലാളിക്ക് ഭാവി ആസൂത്രണം ചെയ്യുക എന്നത് അസാധ്യമായ കാര്യമാണ്. കൂടാതെ, ഈ കോഡ് പണിമുടക്കാനുള്ള അവകാശത്തെ കർശനമായി നിയന്ത്രിക്കുന്നു. പണിമുടക്കിന് 14 ദിവസം മുമ്പ് നോട്ടീസ് നൽകണം. അനുരഞ്ജന ചർച്ചകൾ നടക്കു

മ്പോഴോ ട്രൈബ്യൂണലിന് മുന്നിൽ കേസ് നിലനിൽക്കുമ്പോഴോ പണിമുടക്കുന്നത് നിരോധിച്ചിരിക്കുന്നു. 50 ശതമാനം തൊഴിലാളികൾ ഒരേ സമയം അവധി എടുത്താൽ പോലും അത് പണിമുടക്കായി കണക്കാക്കും. ഫലത്തിൽ, പണിമുടക്കാനുള്ള നിയമപരമായ അവകാശം വിനിയോഗിക്കുന്നത് അസാധ്യമായി മാറുന്നു. തൊഴിലാളി വർഗത്തിന്റെ പ്രധാന ആയുധമായ പണിമുടക്കാനുള്ള അവകാശം നിയന്ത്രിക്കുന്നത് ജനാധിപത്യ അവകാശങ്ങളുടെ ലംഘനമാണ്. സൂപ്പർവൈസറി തസ്തികയിൽ ജോലി ചെയ്യുന്നവരും 18,000 രൂപയ്ക്ക് മുകളിൽ ശമ്പളമുള്ളവരുമായ ആളുകളെ തൊഴിലാളി എന്ന നിർവചനത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത് ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിന് കീഴിലുള്ള സംരക്ഷണം ഇവർക്ക് നിഷേധിക്കുന്നതിലേക്ക് നയിക്കുന്നു.

വേജ് കോഡ് മുന്നോട്ടു വയ്ക്കുന്ന നിർദേശങ്ങളും സമാനമായ രീതിയിൽ ആശങ്കാജനകമാണ്. ഈ കോഡ് അവതരിപ്പിച്ച സമ്പ്രദായം ശാസ്ത്രീയമായ രീതിയിലുള്ള മിനിമം വേജ് നിശ്ചയിക്കുന്നതിനെ തകർക്കാൻ സാധ്യതയുണ്ട്. 15-ആമത് ഇൻഡ്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ചതും സുപ്രീം കോടതി റെപ്റ്റാക്കോസ് ബ്രെറ്റ് കേസിൽ ശരി വച്ചതുമായ മാനദണ്ഡങ്ങൾ, അതായത് ഒരു തൊഴിലാളിക്കും കുടുംബത്തിനും ആവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്കുള്ള മിനിമം ആവശ്യകതകൾ ഇവിടെ അവഗണിക്കപ്പെടുന്നു. ഇത്തരം മിനിമം ചെലവുകളോ ജിവിതചെലവ് സൂചികയിലെ പ്രാദേശിക വ്യത്യാസങ്ങളോ കണക്കിലെടുക്കാതെ വേതനം നിശ്ചയിക്കാനുള്ള അധികാരം കേന്ദ്രീകരിക്കുന്നതിലൂടെ ഏകപക്ഷീയമായി നിശ്ചയിക്കുന്നത് തൊഴിലാളികളുടെ ക്രയശേഷിയേയും ജീവിത നിലവാരത്തെയും ദോഷകരമായി ബാധിക്കും. നിലവിലെ 8 മണിക്കൂർ പ്രവൃത്തി സമയം 9 മണിക്കൂറായി വർധിപ്പിക്കാൻ വ്യവസ്ഥകളുണ്ട്. എന്നാൽ ഈ കാലയളവിൽ നൽകുന്ന വിശ്രമവേളകൾ പ്രവൃത്തി സമയമായി കണക്കാക്കില്ല. ഇത് അധിക വേതനം നൽകാതെ തൊഴിലാളികളെ കൂടുതൽ സമയം ജോലി സ്ഥലത്ത് ചെലവഴിക്കാൻ പ്രേരിപ്പിക്കുന്നു.

സാമൂഹ്യ സുരക്ഷാ കോഡ്-എല്ലാവർക്കും സാമൂഹിക സുരക്ഷ എന്ന് അവകാശപ്പെടുമ്പോഴും പ്രായോഗികമായി ഇത് നിലവിലുള്ള സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ഗിഗ് തൊഴിലാളികൾക്കും സാമൂഹിക സുരക്ഷ ഉറപ്പു വരുത്തുന്നതിൽ വ്യക്തതയില്ല. സ്വിഗ്ഗി, സൊമാറ്റോ, ഊബർ തുടങ്ങിയ പ്ളാറ്റ്ഫോമുകളിലൂടെ ലക്ഷക്കണക്കിന് യുവാക്കൾക്ക് ജോലി നൽകുന്ന ഇക്കണോമിയിൽ തൊഴിലുടമയും ജീവനക്കാരനും തമ്മിലുള്ള ബന്ധം വ്യക്തമായി നിർവചിക്കപ്പെട്ടിട്ടില്ല. തൽഫലമായി ക്ഷേമപദ്ധതികൾക്കായി ഫണ്ട് സമാഹരിക്കുന്നതിന് കൃത്യമായ മാർഗരേഖയില്ല. വിറ്റുവരവിന്റെ സെസ് പിരിക്കുമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും അത് അപര്യാപ്തമാണ്.

> കെട്ടിടനിർമാണ ക്ഷേമനിധി പോലുള്ള നിലവിലുള്ള ക്ഷേമബോർഡുകളിൽ നിന്നുള്ള ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ കേന്ദ്ര സർക്കാരിനെ അനുവദിക്കുന്ന വ്യവസ്ഥകളും ഈ കോഡിലുണ്ട്. തൊഴിലാളികളുടെ പണം അവരുടെ ക്ഷേമത്തിനല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് തുല്യമാണിത്.

കെട്ടിടനിർമാണ ക്ഷേമനിധി പോലുള്ള നിലവിലുള്ള ക്ഷേമബോർഡുകളിൽ നിന്നുള്ള ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ കേന്ദ്ര സർക്കാരിനെ അനുവദിക്കുന്ന വ്യവസ്ഥകളും ഈ കോഡിലുണ്ട്. തൊഴിലാളികളുടെ പണം അവരുടെ ക്ഷേമത്തിനല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് തുല്യമാണിത്. ഇതേ ആശങ്ക എംപ്ളോയീസ് പ്രൊവിഡന്റ് ഫണ്ടിനും ബാധകമാണ്. 20-ഓ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങൾക്ക് മാത്രം പി.എഫ് നിയമം ബാധകമാകുന്നത് തുടരുന്നു. ഇത്ചെറുകിട സ്ഥാപനങ്ങളിലെ ഭൂരിഭാഗം തൊഴിലാളികളെയും പി.എഫ് ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കുന്നു. കൂടാതെ ഓവർ ടൈം പരിധി വർധിപ്പിക്കാനും ജോലി സമയം പ്രതിദിനം 12 മണിക്കൂർ വരെയാക്കാനുമുള്ള അധികാരം സർക്കാരിന് ലഭിക്കുന്നു. 12 മണിക്കൂർ പ്രവൃത്തി സമയം നിശ്ചയിക്കുന്നത് തൊഴിലാളികളെ ശാരീരികമായും മാനസികമായും തളർത്തും. ആഴ്ചയിൽ ആറ് ദിവസത്തിൽ കൂടുതൽ ജോലി ചെയ്യാൻ പാടില്ല എന്നു പറയുമ്പോൾ തന്നെ, തൊട്ടടുത്ത വരിയിൽ അത് മാറ്റാൻ സർക്കാരിന് അധികാരം നൽകുന്നുമുണ്ട്.

പ്ളാന്റേഷൻ ലേബർ ആക്ട്, മൈൻസ് ആക്ട്, ബീഡി വർക്കേഴ്സ് വെൽഫെയർ ആക്ട് തുടങ്ങി 13 തൊഴിൽ നിയമങ്ങൾ റദ്ദാക്കപ്പെടുകയാണ്. ഇത് ഓരോ മേഖലയുടേയും പ്രത്യേകം സുരക്ഷാ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും അവഗണിക്കുന്നതിന് തുല്യമാണ്.

കേന്ദ്ര സർക്കാരിന്റെ പുതിയ നീക്കം ഗ്രാമീണ തൊഴിൽ മേഖലയിൽ കടുത്ത ആശങ്ക ഉയർത്തിയിട്ടുണ്ട്. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പേരും അടിസ്ഥാന ഘടകവും മാറ്റാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നു. ഈ തീരുമാനത്തിനെതിരേ ശക്തമായ പ്രതിഷേധം ഉയരണം. പെരുമാറ്റത്തിലൂടെ മഹാത്മഗാന്ധിയുടെ പേരിനോടും ആശയങ്ങളോടും സംഘപരിവാറിനുള്ള വിരോധം വെളിവാകുന്നു. വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) വി.ബി-ജി.ആർ.എ.എം ജി ലഎന്ന പേരിൽ കേന്ദ്ര സർക്കാർ അവതരിപ്പിച്ച പുതിയ ബില്ലിലൂടെ നിലവിലുള്ള തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളെ പോലും ഇത് ഇല്ലാതാക്കുന്നു. സംസ്ഥാനങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിലാണ് ബില്ലിന്റെ ഉള്ളടക്കം. ഈ ബില്ലിന്റെ പിന്നിലെ ഗൂഢലക്ഷ്യം പദ്ധതിയെ ഒരു ഡിമാൻഡ് ഡ്രൈവൻ (ആവശ്യാനുസൃതമുള്ളത്) പ്രോഗ്രാമിൽ നിന്ന് അലോക്കേഷൻ ബേസ്ഡ് (അനുവദിക്കുന്നതിനനുസരിച്ചുള്ളത്) പ്രോഗ്രാമാക്കി മാറ്റുക എന്നതാണ്.

നിലവിലെ ഘടനയിൽ, തൊഴിലില്ലാത്തവരുടെ ആവശ്യമനുസരിച്ച് ജോലി നൽകാനാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. എന്നാൽ നിർദേശിത മാറ്റം അനുസരിച്ച് ഓരോ സാമ്പത്തിക വർഷവും ഓരോ സംസ്ഥാനത്തിനും നിശ്ചിത തുക കേന്ദ്ര സർക്കാർ മുൻകൂട്ടി നിശ്ചയിക്കുന്ന രീതിയിലേക്ക് മാറും. നിലവിൽ, കേന്ദ്ര സർക്കാർ വേതനത്തിന്റെ 100 ശതമാനവും മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനവുമാണ് വഹിക്കുന്നത്. പുതിയ ബില്ലിലെ വ്യവസ്ഥയനുസരിച്ച് രണ്ട് ഘടകങ്ങളും കേന്ദ്രവും സംസ്ഥാനവും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പങ്കിടണം.




> **കേന്ദ്ര സർക്കാർ വിറ്റഴിക്കാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 'കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്' എന്ന പേരിൽ വിജയകരമായി പുനരുജ്ജീവിപ്പിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഉൾപ്പെടെ 145 കോടി രൂപയുടെ ബാധ്യതകൾ തീർത്തുകൊണ്ടുള്ള ഈ ഏറ്റെടുക്കൽ പൊതുമേഖലയെ സംരക്ഷിക്കാനുള്ള സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ തെളിവാണ്.**

ഈ ബിൽ നിയമമാകുന്നതോടെ കേരളത്തിന് ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ വലിയ കുറവുണ്ടാകും. ആകെ ചെലവിന്റെ 60 ശതമാനം മാത്രമേ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിക്കൂ. ഇന്ത്യയിൽ 60 ലക്ഷത്തിലധികം ആളുകൾക്ക് 1,600 രൂപ ക്ഷേമ പെൻഷൻ നൽകുന്ന ഏക സംസ്ഥാനം കേരളമാണ്. പെൻഷൻ തുക വർധിപ്പിക്കുക മാത്രമല്ല, അത് കൃത്യമായി വീടുകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തു.

30-ലധികം ക്ഷേമനിധി ബോർഡുകളിലൂടെ നിർമ്മാണ തൊഴിലാളികൾ, മോട്ടോർ വാഹന തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നു.

'ആവാസ് ഇൻഷുറൻസ്' പദ്ധതിയും 'അപ്നാ ഘർ' ഭവന പദ്ധതിയും അതിഥി തൊഴിലാളികൾക്ക് അന്തസുള്ള ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ അവർ വിവേചനം നേരിടുമ്പോൾ കേരളം അവർക്ക് സുരക്ഷിതമായ ജോലിസ്ഥലവും ജീവിതവും നൽകുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സമാന്തരമായി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നഗരപ്രദേശങ്ങളിൽ വിജയകരമായി നടപ്പാക്കുന്നു.

ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനങ്ങളിലൂടെയും നിർബന്ധിത ഡിജിറ്റൽ അറ്റൻഡൻസിലൂടെയും തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നു. ഇന്റർനെറ്റ് ഇല്ലാത്ത ഗ്രാമങ്ങളിലും സാങ്കേതികവിദ്യ അറിയാത്ത പ്രായമായ തൊഴിലാളികൾക്കും ഇത് ജോലി നിഷേധിക്കുന്നതിന് തുല്യമാണ്. സാങ്കേതികവിദ്യയെ ആളുകളെ പുറന്തള്ളാനുള്ള ആയുധമായി ഉപയോഗിക്കരുത്. തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾക്കെതിരേ നിയമസഭയിൽ പ്രമേയം പാസാക്കിയ സംസ്ഥാനമാണ് കേരളം. ത്രികക്ഷി ചർച്ചകളിലൂടെയും ജനാധിപത്യപരമായ കൂടിയാലോചനകളിലൂടെയും മാത്രമേ തൊഴിൽ നയങ്ങൾ രൂപീകരിക്കാവൂ എന്നതാണ് സർക്കാരിന്റെ നിലപാട്. കേന്ദ്രം അടിച്ചേൽപ്പിക്കുന്ന തൊഴിൽ കോഡുകൾക്കെതിരേ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് നിയമനിർമ്മാണം നടത്താൻ നാം തയ്യാറാണ്. സംസ്ഥാനങ്ങൾക്ക് കനത്ത സാമ്പത്തിക ബാധ്യത വരുത്തുന്ന പുതിയ നിയമനിർമ്മാണങ്ങളിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറണം. ഇതിനായി ശക്തമായ പ്രതിഷേധങ്ങൾ അനിവാര്യമാണ്. കർഷക പ്രക്ഷോഭത്തെ തുടർന്ന് മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിച്ചെങ്കിലും കാർഷിക മേഖലയിലെ പരോക്ഷമായ സ്വകാര്യവൽക്കരണം കർഷകരെയും കർഷക തൊഴിലാളികളെയും ഇപ്പോഴും ബാധിക്കുന്നു. വളത്തിനുള്ള സബ്സിഡി കുറയ്ക്കുന്നതും മിനിമം സപ്പോർട്ട് പ്രൈസ് ഉറപ്പാക്കാത്തതും കൃഷിയെ നഷ്ടത്തിലാക്കുകയും ഗ്രാമീണ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ ദേശീയ പ്രവണതകൾക്കെതിരേ കേരളം ഒരു ബദൽ വികസന മാതൃക അവതരിപ്പിക്കുന്നു. നവലിബറൽ നയങ്ങൾക്ക് ഒര ബദലുണ്ട് എന്ന് നാം തെളിയിക്കുന്നു.

കേന്ദ്ര സർക്കാർ വിറ്റഴിക്കാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 'കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്' എന്ന പേരിൽ വിജയകരമായി പുനരുജ്ജീവിപ്പിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഉൾപ്പെടെ 145 കോടി രൂപയുടെ ബാധ്യതകൾ തീർത്തുകൊണ്ടുള്ള ഈ ഏറ്റെടുക്കൽ പൊതുമേഖലയെ സംരക്ഷിക്കാനുള്ള സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ തെളിവാണ്. അതുപോലെ ബി.എച്ച്.ഇ.എൽ-ഇ.എം.എൽ ഏറ്റെടുത്തതും ഈ ബദൽ നയത്തിന്റെ ഭാഗമാണ്.

ചരിത്രം എപ്പോഴും പോരാടുന്നവർക്കൊപ്പമാണ്. ആ പോരാട്ട വീര്യം ഉൾക്കൊണ്ട് കോർപ്പറേറ്റ്-വർഗ്ഗീയ കൂട്ടുകെട്ടിനെതിരേ നമുക്ക് ഒന്നിച്ചു മുന്നേറാം. ഈ പോരാട്ടം ഒരു വിഭാഗത്തിനു വേണ്ടി മാത്രമല്ല. ഇത് വരുതലമുറയുടെ ഭാവിക്ക് വേണ്ടിയും ഇന്ത്യ എന്ന ജനാധിപത്യ റിപ്പബ്ളിക്കിന്റെ നിലനിൽപ്പിനു വേണ്ടിയുമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

# അധ്യക്ഷ പ്രസംഗം



കേന്ദ്ര സർക്കാരിന് കീഴിലുള്ള നീതി ആയോഗ് പോലും കേരളം കൈവരിച്ച വികസന നേട്ടങ്ങൾ ശ്രദ്ധേയമാണ് എന്നു പറയാൻ നിർബന്ധിതമായിരിക്കുന്നുവെന്ന് ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു.

രാജ്യത്ത് തൊഴിലിടങ്ങളിൽ കരിനിയമങ്ങൾ പാസാക്കിയ ശേഷം ഇത്തരത്തിൽ ദേശീയതലത്തിൽ ഒരു കൂട്ടായ്മ സംഘടിപ്പിക്കുന്നത് ആദ്യമാണെന്നും അത് സംഘടിപ്പിക്കുന്നത് കേരളമാണ് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന തർക്കങ്ങൾ നേരിടാൻ ആശുപത്രി, ഐ.ടി. മീഡിയ തുടങ്ങിയ മേഖലകളിൽ —വേജസ് നിയമം കൊണ്ടുവരുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കും. തൊഴിലാളി വിരുദ്ധ കരി നിയമങ്ങൾ രാജ്യത്ത് നടപ്പാക്കിയ ശേഷം ഇത്രത്തിൽ ഒരു ദേശീയ കൂട്ടായ്മ നടത്തുന്നത് ആദ്യമാണ്. അത് സംഘടിപ്പിക്കുന്നത് കേരളമാണ് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. കേരള സർക്കാരിന്റെ പ്രതിനിധി എന്ന നിലയിൽ അഭിമാനകരമായ നേട്ടങ്ങളുടെ പട്ടികയുമായാണ് ഞാൻ നിൽക്കുന്നത്. വ്യക്തമായ രാഷ്ട്രീയ ദർശനവും കൃത്യമായ വികസന കാഴ്ചപ്പാടും എന്നും ഈ ജനങ്ങളോടൊപ്പം ഉറച്ചു നിന്ന തൊഴിലാളി വർഗത്തിന്റെ അചഞ്ചലമായ പിന്തുണയുമാണ് കേരളത്തെ വ്യത്യസ്തമാക്കുന്നത്. എന്നാൽ ഈ നിർണായക ഘട്ടത്തിൽ കേന്ദ്ര സർക്കാരിന്റെ നയങ്ങൾ, കടുത്ത ആശങ്കയാണ് സൃഷ്ടിക്കുന്നത്.

പതിറ്റാണ്ടുകളായുള്ള തൊഴിലാളികളുടെ പോരാട്ടങ്ങളുടെയും ത്യാഗങ്ങളുടെയും ഫലമായി രൂപം കൊണ്ട 29 തൊഴിൽ നിയമങ്ങൾ കേന്ദ്രസർക്കാർ വെറും നാല് തൊഴിൽ കോഡുകളിലേക്ക് ചുരുക്കിയിരിക്കുകയാണ്. പരിഷ്ക്കാരങ്ങൾ എന്ന പേരിൽ ഇവയെ ദുർബലപ്പെടുത്തുന്നത് തൊഴിലാളി അവകാശങ്ങൾക്കും സാമൂഹ്യനീതിക്കും ജനാധിപത്യമൂല്യങ്ങൾക്കും നേരെയുള്ള നേരിട്ടുള്ള ആക്രമണമാണ്. ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. വേതനം, തൊഴിൽ ബന്ധങ്ങൾ, സാമൂഹ്യസുരക്ഷ, തൊഴിൽ സുരക്ഷ എന്നിങ്ങനെ നാലുവിഭാഗങ്ങളിലായിട്ടാണ് ഇതു നടപ്പാക്കുന്നത്. ഒറ്റ നോട്ടത്തിൽ നിയമങ്ങൾ ലഘൂകരിക്കുന്നു എന്നു തോന്നാമെങ്കിലും യഥാർത്ഥത്തിൽ ഇത് തൊഴിലാളിയുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന നടപടിയാണ്. കോഡ് ഓൺ വേജസ് വരുന്നതോടെ നിലവിലുള്ള 87 തൊഴിൽ മേഖലകളിലേയും മിനിമം വേതനം ഇല്ലാതാകും. പകരം അൺസ്കിൽഡ് മുതൽ ഹൈലി സ്കിൽഡ് വരെ നാലു വിഭാഗങ്ങളായി തിരിച്ച് ശമ്പളം നിശ്ചയിക്കുന്നത് അപ്രായോഗികമാണ്.

തൊഴിൽ എന്നത് ഭരണഘടനയുടെ കൺകറന്റിൽ ഉള്ള വിഷയമാണ്. ആ ഫെഡറൽ അധികാരം ഉപയോഗിച്ച് തൊഴിലാളികളെ സംരക്ഷിക്കാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ ലേബർ ഓഫീസർമാർ നേരിട്ടു നടത്തുന്ന പരിശോധന കേരളത്തിൽ കർശനമാക്കും. ഇതര സംസ്ഥാന തൊഴിലാളികൾ, ഗിഗ് വർക്കർമാർ തുടങ്ങിയ തൊഴിലാളികൾക്കും സംരക്ഷണം നൽകുന്ന പദ്ധതികളുമായി സർക്കാർ മുന്നോട്ടു പോകും. കേന്ദ്ര സർക്കാരിന്റെ ഫ്ളോർ വേജ് മിനിമം കേരളത്തിലെ ജീവിത ചെലവിനേക്കാൾ കുറവാണെങ്കിൽ നമ്മുടെ തൊഴിലാളികൾക്ക് അന്തസായി ജീവിക്കാൻ ആവശ്യമായ ഉയർന്ന വേതനം സർക്കാർ ഉറപ്പാക്കും. തൊഴിലാളികളെ ലാഭമുണ്ടാക്കാനുള്ള യന്ത്രമായിട്ടല്ല, മറിച്ച് നാടിന്റെ സമ്പത്തായാണ് സർക്കാർ കാണുന്നത്. കേന്ദ്രം തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുമ്പോൾ അതിനെതിരേ കാവൽ നിൽക്കുകയാണ് കേരളം. ലേബർ കോൺക്ളേവിന്റെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന കത്തുമായി വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി കേന്ദ്ര തൊഴിൽ മന്ത്രിയെ നേരിട്ടു കണ്ട് നമ്മുടെ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കും. തൊഴിലാളികളെ ചേർത്തു നിർത്തിക്കൊണ്ട് കരുത്തുറ്റ പോരാട്ടമാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. അതിന് നേതൃത്വം നൽകാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാർ എന്നും മുന്നിലുണ്ടാകുമെന്നും അതിന് എല്ലാവരുടെയും പിന്തുണയും സഹകരണവും വേണമെന്നും മന്ത്രി പറഞ്ഞു.

വികസനമെന്നത് കോർപ്പറേറ്റ് കേന്ദ്രീകൃതമോ മൂലധന കേന്ദ്രീകൃതമോ ആകരുത് എന്ന കാഴ്ചപ്പാടിൽ നിന്നു കൊണ്ട് സംഘടിപ്പിക്കുന്ന ദേശീയതല ലേബർ കോൺക്ളേവ് ഏറെ ശ്രദ്ധേയമാണെന്ന് സി.ഐ.ടി.ടു നാഷണൽ സെക്രട്ടറി തപൻ സെൻ പറഞ്ഞു. വികസനം ജനങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടാകണമെന്ന തത്വശാസ്ത്രത്തിൽ നിന്നാണ് എല്ലാ ട്രേഡ് യൂണിയൻ ഇടപെടലുകളും മുന്നോട്ടു വന്നിട്ടുള്ളത്. ജനകേന്ദ്രീകൃത വികസനത്തിനായുള്ള ഒരു ബദൽ സമീപനം എന്ന നിലയ്ക്ക് കേരള സർക്കാർ സംഘടിപ്പിക്കുന്ന കോൺക്ളേവ് രാജ്യത്തെ മുഴുവൻ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

അതിദാരിദ്ര്യ നിർമ്മാർജ്ജനം നടത്തിയ സംസ്ഥാനമാണ് കേരളമെന്നും അത് കേരള ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണെന്നും ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. കേന്ദ്ര സർക്കാർ നടപ്പാക്കിയ തൊഴിൽ കോഡുകൾ തിരുത്തിയെഴുതണമെന്നും അല്ലാത്ത പക്ഷം അത് ജനങ്ങൾ അംഗീകരിക്കില്ല. നിലവിലെ സാഹചര്യത്തിൽ ദേശീയതല ലേബർ കോൺക്ളേവ് അങ്ങേയറ്റം പ്രാധാന്യം അർഹിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി



നമ്മുടെ തൊഴിലാളികൾ മാത്രമല്ല, രാജ്യത്തിന്റെയും ആരോഗ്യകരമായ നിലനിൽപ്പിനു വേണ്ടി ഏറ്റവും സുപ്രധാനമായ ഒരു വിഷയമായി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഇതിനെ കാണുമെന്നാണ് പ്രതീക്ഷയെന്ന് എ.ഐ.ടി.യു.സി.ഐ നാഷണൽ ജനറൽ സെക്രട്ടറി അമർജിത് കൗർ പറഞ്ഞു. രാജ്യത്തെ ട്രേഡ് യൂണിയനുകൾക്ക് ഈ വിഷയത്തിൽ സക്രിയമായി ഇടപെടാൻ കഴിയുമെന്നും അവർ പറഞ്ഞു.

കേന്ദ്ര സർക്കാർ കൊണ്ടു വന്ന ലേബർ കോഡിനെ സംബന്ധിച്ച അഭിപ്രായങ്ങൾ എടുത്തുകൊണ്ട് പ്രായോഗികമായി എന്തു ചെയ്യാൻ കഴിയുമെന്ന് ഗൗരവപൂർവം ചർച്ച ചെയ്യണമെന്ന് മുൻ രാജ്യസഭാംഗവും ട്രേഡ് യൂണിയൻ നേതാവുമായ എളമരം കരീം പറഞ്ഞു.

രാജ്യത്ത് തൊഴിലാളിവർഗത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക ജനാധിപത്യത്തിനും ഭരണഘടനാപരമായ ജനാധിപത്യത്തിനും വേണ്ടിയുള്ള രണ്ടാം സ്വാതന്ത്ര്യ സമരം തുടരണമെന്ന് സുപ്രീം കോടതി മുൻ ജഡ്ജ് ഗോപാൽ ഗൗഡ പറഞ്ഞു. തൊഴിലാളി വർഗത്തെയും അവരുടെ കുടുംബങ്ങളെയും സംരക്ഷിക്കേണ്ടതുണ്ടെന്നും അവരുടെ മക്കൾക്ക് സമൂഹത്തിൽ ഉയർന്നു വരാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വേതനം, വ്യാവസായിക ബന്ധങ്ങൾ, സാമൂഹിക സുരക്ഷ, തൊഴിൽ വ്യവസ്ഥയും തൊഴിൽ സാഹചര്യങ്ങളും ആരോഗ്യവും എന്നിങ്ങനെ നാല് പ്രധാന തൊഴിൽ കോഡുകൾ ചർച്ച ചെയ്യപ്പെടുന്ന ഒരു നിർണായക ഘട്ടത്തിലാണ് ദേശീയതല ലേബർ കോൺക്ലേവ് കേരളത്തിൽ നടക്കുന്നതെന്ന് സ്വാഗത പ്രസംഗത്തിൽ തൊഴിൽ വകുപ്പ് സെക്രട്ടറി ഷാനവാസ് എസ് പറഞ്ഞു. കേന്ദ്ര സർക്കാർ അടുത്തിടെ നടപ്പാക്കിയ ഈ തൊഴിൽ നിയമങ്ങൾ 2025 നവംബർ 21 മുതൽ നിലവിൽ വന്നിരിക്കുകയാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ ചട്ടക്കൂടുകൾ പരിഷ്ക്കരിക്കുക, വ്യാവസായിക വളർച്ച ശക്തിപ്പെടുത്തുക, ഇന്ത്യയ്ക്കായി ഭാവിയിൽ ഒരു തൊഴിൽ സേനയെ സജ്ജമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പരിഷ്കാര നടപടികളായാണ് ഈ നിയമങ്ങൾ അവതരിപ്പിക്കുന്നത്. എന്നാൽ ഈ തൊഴിൽ നിയമങ്ങളിലെ ചില വ്യവസ്ഥകളെ സംസ്ഥാനം വേദനയോടും ആശങ്കയോടും കാണുന്നു. തൊഴിലാളികൾക്ക് നൽകുന്ന ദീർഘകാല തൊഴിൽ സംരക്ഷണങ്ങളെയും ട്രേഡ് യൂണിയൻ അവകാശങ്ങളെയും ദുർബലപ്പെടുത്തുകയും സംസ്ഥാനത്തിന്റെ നിയന്ത്രണ ഇടം പരിമിതപ്പെടുത്തുകയും ചെയ്യുന്നു. കേരളത്തിലെ തൊഴിൽ നയത്തിലും വികസന മാതൃകയിലും കേന്ദ്ര ബിന്ദുവായ ഘടകങ്ങൾ തൊഴിലാളികളുടെ അവകാശങ്ങൾ, കൂട്ടായ വിലപേശൽ, ഫെഡറൽ തത്വങ്ങൾ എന്നിവയിൽ ഈ നിയമങ്ങൾ ചെലുത്തിയേക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ദേശീയ ട്രേഡ് യൂണിയനുകൾ ആശങ്ക ഉന്നയിച്ചിട്ടുണ്ട്. അതേ സമയം തൊഴിലുടമകളുടെ സംഘടനകൾ പ്രതീക്ഷിക്കുന്ന സാമ്പത്തിക വളർച്ചയും നിക്ഷേപവുമായി ബന്ധപ്പെട്ട നേട്ടങ്ങളും എടുത്തു കാണിച്ചു കൊണ്ട് കുറേ കൂടി അനുകൂലമായ വീക്ഷണമാണ് നൽകിയിട്ടുള്ളത്.

പുതിയ നിയമനിർമാണങ്ങളുടെ വെളിച്ചത്തിൽ വ്യത്യസ്തമായ നിരവധി വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. ഈ കാഴ്ചപ്പാടുകളുടെ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഗൗരവമേറിയ സംഭാഷണം ആവശ്യമാണ്. തെളിവുകൾ അടിസ്ഥാന
















മാക്കിയുള്ള വിലയിരുത്തലും എല്ലാവരേയും ഉൾക്കൊണ്ടു കൊണ്ടുള്ള കൂടിയാലോചനയും അഭികാമ്യം മാത്രമല്ല, അനിവാര്യവുമാണ്. ഈ വിഷയം വളരെ ആഴത്തിൽ ചർച്ച ചെയ്യാനും സാധ്യമായ പരിഹാരമാർഗങ്ങൾ കണ്ടെത്താനും വേണ്ടിയാണ് കോൺക്ളേവ് സംഘടിപ്പിച്ചിട്ടുള്ളത്. ഈ പ്രശ്നത്തിന്റെ രണ്ടറ്റവും എങ്ങനെ ഫലപ്രദമായി കൂട്ടിയിണക്കാം എന്നതാണ് ശ്രമിക്കുന്നത്. ഒരുവശത്ത് നമുക്ക് തൊഴിൽ അവകാശങ്ങളെയും ട്രേഡ് യൂണിയന്റെ അവകാശങ്ങളെയും ഒരു സംസ്ഥാനത്തിന്റെ ഫെഡറൽ അവകാശങ്ങളെയും സംരക്ഷിക്കേണ്ടതുണ്ട്. അതേ സമയം തന്നെ നിക്ഷേപകരുടെ അടിസ്ഥാന അവകാശങ്ങൾ കൂടി നാം സംരക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ബന്ധങ്ങൾ, ഭരണം, നിയമം, ദേശീയ സ്ഥാപനങ്ങൾ, ട്രേഡ് യൂണിയനുകൾ എന്നിവിടങ്ങളിൽ നിന്നുള്ള അനേകം ഉന്നതരായ വ്യക്തികൾ ഇതിൽ പങ്കെടുക്കുന്നുണ്ട്. അതിനാൽ ഈ കോൺക്ളേവിൽ ഫലപ്രദമായ ഒരു ചർച്ച നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാവർക്കും പറയാനുള്ളത് കേൾക്കും. പ്രായോഗികമായ പരിഹാരമാർഗങ്ങളും ശുപാർശകളും ഉരുത്തിരിഞ്ഞ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.

രാജ്യത്ത് വിജ്ഞാപനത്തിലൂടെ നാല് തൊഴിൽ കോഡുകൾ നടപ്പിലാക്കി കേന്ദ്ര സർക്കാരിന്റെ നടപടി തൊഴിലാളി വർഗത്തെയാകെ ആശങ്കപ്പെടുത്തിയ സാഹചര്യത്തിലാണ് കേരള സർക്കാർ മുൻകൈ എടുത്തുകൊണ്ട് തൊഴിലും നൈപുണ്യവും വകുപ്പ് ദേശീയതല കോൺക്ളേവ് സംഘടിപ്പിച്ചതെന്ന് കിലെ ചെയർമാൻ കെ.എൻ ഗോപിനാഥ് നന്ദി അർപ്പിച്ചുകൊണ്ട് പറഞ്ഞു.

വ്യവസായ-നിയമ വകുപ്പ് മന്ത്രി പി.രാജീവ്, ഐ.എൻ.ടി.യു.സി ദേശീയ സെക്രട്ടറി സഞ്ജയ് കുമാർ സിങ്ങ്, ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ, നിയമ വകുപ്പ് സെക്രട്ടറി സനിൽ കുമാർ കെ.ജി, എംപ്ളോയ്മെന്റ് ആൻഡ് ട്രെയിനിങ്ങ് ഡയറക്ടർ ഷഫിയാൻ അഹമ്മദ്, കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ സുനിൽ തോമസ് എന്നിവർ സംസാരിച്ചു.ഉദ്ഘാടന സമ്മേളനത്തിനു ശേഷം 'പുതിയ തൊഴിൽ കോഡുകൾ കേരളത്തിന്റെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ', 'തൊഴിൽകോഡുകളുടെ പ്രത്യാഘാതങ്ങളെ നേരിടുന്നതിനുള്ള ബദൽ തന്ത്രങ്ങൾ' എന്നീ വിഷയങ്ങളിൽ ടെക്നിക്കൽ സെഷൻസ് സംഘടിപ്പിച്ചു.


National
LABOUR




RESERVED


RESERVED

ദേശീയ ലേബർ കോൺക്ലേവ്

# ലേബർ കോഡുകൾ

## പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും




## ടെക്നിക്കൽ സെഷൻ – 1

### പുതിയ തൊഴിൽ കോഡുകൾ കേരളത്തിന്റെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കു പ്രത്യാഘാതങ്ങൾ

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ തൊഴിൽ കോഡുകൾ കേരളത്തിന്റെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് വളരെ ആഴമേറിയ ചർച്ചകൾക്കാണ് ഒന്നാമത്തെ ടെക്നിക്കൽ സെഷൻ വേദിയായത്. കേരളത്തിന്റെ തൊഴിൽ നയത്തിന് അടിസ്ഥാനമായ തൊഴിലാളി സംരക്ഷണം, ട്രേഡ് യൂണിയൻ അവകാശങ്ങൾ, തൊഴിൽ ഭരണ നിർവഹണത്തിലെ സംസ്ഥാനങ്ങളുടെ അധികാരം എന്നിവയെ ദുർബലപ്പെടുത്തുന്ന പല വ്യവസ്ഥകളും ഇതിലുണ്ട് എന്നത് കേരള സർക്കാർ ആശങ്കയോടെ നിരീക്ഷിച്ചു. ഫെഡറൽ അവകാശങ്ങളെയും തൊഴിലാളി അവകാശങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളാണിവയെന്ന് ദേശീയ-സംസ്ഥാനതലത്തിലുള്ള ട്രേഡ് യൂണിയനുകൾ ചൂണ്ടിക്കാട്ടി.

കേരള അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അഡ്വ. കെ.ജി സനൽ കുമാർ അധ്യക്ഷത വഹിച്ച സെഷനിൽ സുപ്രീം കോടതി മുൻ ജഡ്ജ് ജസ്റ്റിസ് ഗോപാല ഗൗഡ മുഖ്യപ്രഭാഷണം നടത്തി. തൊഴിൽ വകുപ്പ് സെക്രട്ടറി എസ്.ഷാനവാസ് , കേരള സ്റ്റേറ്റ് പ്ളാനിങ്ങ് ബോർഡ് അംഗം ഡോ.കെ രവിരാമൻ, കിലെ റിസർച്ച് കോർ കമ്മിറ്റി ചെയർമാൻ ഡോ.എസ്.കെ ശശികുമാർ, തൊഴിൽ നിയമവിദഗ്ധൻ പ്രൊഫ. പ്രബു മൊഹപത്ര, സി.ഐ.ടി.യു ദേശീയ കമ്മിറ്റി പ്രസിഡന്റ് കെ.ഹേമലത, ഐ.എൻ.ടി.യു.സി ദേശീയ വൈസ് പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ, എച്ച്.എം.എസ് ദേശീയ സെക്രട്ടറി അശോക് ഘോഷ്, എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് അഡ്വ.റഹ്മത്തുള്ള തുടങ്ങിയവർ ആദ്യ സെഷനിൽ പാനലിസ്റ്റുകളായി പങ്കെടുത്തു. താഴെ പറയുന്ന കാര്യങ്ങളിൽ വിദഗ്ധർ ചർച്ച നടത്തി.

#### 1. 29 തൊഴിൽ നിയമങ്ങളെ നാല് കോഡുകളാക്കി ലഘൂകരിച്ചു

29 തൊഴിൽ നിയമങ്ങളെ നാലു കോഡുകളാക്കി ചുരുക്കിയത് സ്റ്റേക്ക് ഹോൾഡർമാരുടെ ഇടയിൽ ഗുരുതരമായ ആശങ്കയുണ്ടാക്കി. നിലവിലുള്ള നിയമങ്ങളിലെ പല സംരക്ഷണ വ്യവസ്ഥകളും ഈ ക്രോഡീകരണം വഴി ലഘൂകരിക്കപ്പെടുകയോ പിൻവലിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്ന് വിമർശകർ വാദിക്കുന്നു.

തൊഴിലാളികളുടെ അവകാശങ്ങൾ ശക്തിപ്പെടുത്തുന്നതിന് പകരം തൊഴിൽ സുരക്ഷയെ ദുർബലപ്പെടുത്തുന്നതും ലേബർ

വകുപ്പുകളുടെ നിയന്ത്രണാധികാരത്തെ കുറയ്ക്കുന്നതും തൊഴിലാളികളെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുന്നതായും ലേബർ കോഡുകൾ വിലയിരുത്തപ്പെടുന്നു.

## 2. എല്ലാവർക്കും (ഗിഗ്–പ്ളാറ്റ്ഫോം തൊഴിലാളികൾ ഉൾപ്പെടെ) സാർവത്രിക സാമൂഹിക സുരക്ഷ

സാമൂഹിക സുരക്ഷാ കോഡ് പ്രായോഗികമായി സാർവത്രിക പരിരക്ഷ ഉറപ്പാക്കുന്നില്ല എന്നത് വലിയ വിമർശനങ്ങൾക്ക് വഴിവെച്ചു. 109 –114 വരെയുള്ള വകുപ്പുകൾ ഗിഗ്–പ്ളാറ്റ്ഫോം തൊഴിലാളികൾക്ക് പദ്ധതികൾ രൂപീകരിക്കുന്നതിനെ കുറിച്ച് മാത്രമാണ് പരാമർശിക്കുന്നത്. ഇതിൽ സമയ പരിധിയോ കൃത്യമായ ആനുകൂല്യങ്ങളോ ഉറപ്പായ സാമ്പത്തിക വിഹിതമോ വ്യക്തമാക്കുന്നില്ല.

ഇ.പി.എഫ്, ഇ.എസ്.ഐ, ഗ്രാറ്റുവിറ്റി എന്നിവയുടെ പരിധിയിൽ വരുന്നതിനുള്ള പരിധികളിൽ ഇളവ് വരുത്താനോ വേതന പരിധി ഉയർത്താനോ കോഡ് തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ എല്ലാ തൊഴിലാളികൾക്കും പ്രൊവിഡന്റ് ഫണ്ട്, ഇ.എസ്.ഐ.സി ഇൻഷുറൻസ് മറ്റ് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുമെന്ന അവകാശവാദം നിയമത്തിലെ പരിമിതികളെ മറച്ചു വയ്ക്കുന്നതും തെറ്റിദ്ധരിപ്പിക്കുന്നതുമാണ്.



## 3. ''എല്ലാവർക്കും മിനിമം വേതനം'' ദേശീയ അടിസ്ഥാന വേതനം

പതിനഞ്ചാം ഇൻഡ്യൻ ലേബർ കോൺഫറൻസ് നിശ്ചയിച്ച മാനദണ്ഡങ്ങൾക്കോ സുപ്രീം കോടതിയുടെ തത്വങ്ങൾക്കോ അനുസൃതമായ ശാസ്ത്രീയമായി നിർണയിക്കപ്പെട്ട ഒരു 'ജീവിത വേതനം' വേതന കോഡ് ഉറപ്പു നൽകുന്നില്ല. നിർദ്ദിഷ്ട ദേശീയ ഫ്ളോർ വേജ് വളരെ താഴ്ന്ന നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രാദേശിക വ്യത്യാസങ്ങൾ അനുവദിക്കുന്നതിലൂടെ ഏകീകൃത മാനദണ്ഡം എന്ന ആശയത്തെ ഇത് ദുർബലപ്പെടുത്തുന്നു. പി.എൽ.എഫ്.എസ് 2023 പ്രകാരം 45 ശതമാനത്തിലധികം നിശ്ചയിക്കപ്പെട്ട മിനിമം വേതനത്തിന് താഴെയാണ് വരുമാനം നേടുന്നത്. പരിശോധനാ സംവിധാനങ്ങൾ ദുർബലമാകുന്നതോടെ ഇവർക്ക് നിയമപരമായ പരിരക്ഷ ലഭിക്കാതെ പോകുന്നു. കൂടാതെ പദ്ധതി തൊഴിലാളികൾ ഉൾപ്പെടെയുള്ള വലിയൊരു വിഭാഗം ഇപ്പോഴും മിനിമം വേതന പരിധിക്ക് പുറത്താണ്.



വേതനത്തിന്റെ പുതിയ നിർവചനം പ്രസവാവധി ആനുകൂല്യങ്ങൾ, പിരിച്ചു വിടൽ, നഷ്ടപരിഹാരം എന്നിവയ്ക്ക് ബാധകമാക്കിയാൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ ഗണ്യമായ കുറവുണ്ടാകും. ഇത്തരം കുറവുകൾ നിയമങ്ങളുടെ സാമൂഹ്യ സുരക്ഷാ ലക്ഷ്യങ്ങളെ ദുർബലപ്പെടുത്തും. സ്ത്രീ തൊഴിലാളികളെയും പിരിച്ചുവിടപ്പെട്ടവരേയും സസ്പെൻഷനിലുള്ളവരെയും ദോഷകരമായി ബാധിക്കും. പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തൊഴിൽ നിയമതത്വങ്ങളെ തകർക്കുന്ന പിന്തിരിപ്പൻ നടപടിയാണിത്. ഇത് തികച്ചും അസ്വീകാര്യമാണ്. പ്രസ്തുത നിയമപരമായ ആനുകൂല്യങ്ങൾ വിഭാവനം ചെയ്തതിന്റെയും നടപ്പാക്കിയതിന്റെയും അടിസ്ഥാനപരമായ ഉദ്ദേശ്യലക്ഷ്യങ്ങളെ തന്നെ പരാജയപ്പെടുത്തുകയും തൊഴിലാളികൾക്ക് നൽകിയിട്ടുള്ള സുപ്രധാന സംരക്ഷണം ഇല്ലാതാക്കുകയും ചെയ്യുന്നു.



## 4. കൃത്യസമയത്ത് വേതനം

കൃത്യ സമയത്ത് വേതനം ഉറപ്പാക്കുമെന്ന് അവകാശപ്പെടുമ്പോഴും വേതന കോഡ് തൊഴിലുടമകൾക്കെതിരായ പിഴ ശിക്ഷകളെ (കുടിശികയുടെ പത്തിരട്ടി വരെ പിഴ) ലഘൂകരിച്ചിരിക്കുകയാണ്. ആദ്യത്തെ വീഴ്ചകൾക്ക് പിഴ ഒഴിവാക്കുന്നത് തൊഴിലുടമകൾക്ക് ഗുണകരമാവുകയും തൊഴിലാളികളുടെ വേതന സുരക്ഷയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

എം.ജി.എൻ.ആർ.ഇ.ജി.എ (തൊഴിലുറപ്പ്) പോലുള്ള പദ്ധതികളിലെ തൊഴിലാളികൾക്ക് നേരത്തേ ബാധകമായിരുന്ന വേതന വ്യവസ്ഥകൾ കോഡിൽ നിന്ന് ഒഴിവാക്കപ്പെട്ടു.



## 5. പ്രതിരോധ ആരോഗ്യ സംരക്ഷണം

എല്ലാ ജീവനക്കാർക്കും ഇ.എസ്.ഐ.സി പരിരക്ഷ ഉറപ്പാക്കുന്നതിന് പകരം, 40 വയസിന് മുകളിലുള്ളവർക്ക് തൊഴിലുടമയുടെ ചെലവിൽ സൗജന്യ വൈദ്യ പരിശോധന എന്ന വ്യവസ്ഥയിൽ മാത്രമായി കോഡ് ഒതുങ്ങുന്നു. പത്തിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ഇ.എസ്.ഐ.സി പരിരക്ഷ തൊഴിലുടമയുടെ ഇച്ഛാനുസരണം മാത്രമാണ്. നിർബന്ധിതമായി നടപ്പാക്കേണ്ട ഇടങ്ങളിൽ പോലും നിയമലംഘനങ്ങൾ വ്യാപകമായിരിക്കേ, ഈ വ്യവസ്ഥകൾ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിൽ എത്രത്തോളം ഫലപ്രദമാകുമെന്ന് സംശയകരമാണ്.







### 6. തുല്യമായ ആനുകൂല്യം ഉറപ്പു വരുത്തുന്ന നിശ്ചിത കാലയളവിലേക്കുള്ള തൊഴിൽ

സ്ഥിര സ്വഭാവമുള്ള ജോലികളിൽ പോലും സ്ഥിരമായ താൽക്കാലികത്വം എന്ന അവസ്ഥയെ ഈ നിയമം നിയമവിധേയമാക്കുന്നു. സ്ഥിരം തസ്തികകൾക്ക് പകരം ഹ്രസ്വകാല കരാർ നിയമനങ്ങൾ നടത്താൻ തൊഴിലുടമകൾക്ക് ഇത് അമിതാധികാരം നൽകുന്നു. ഒരു വർഷത്തെ സേവനത്തിന് ശേഷം ഗ്രാറ്റുവിറ്റി നൽകുമെന്നത് ഒരു ആശ്വാസ നടപടിയായി ഉയർത്തിക്കാട്ടുന്നുണ്ടെങ്കിലും തൊഴിൽ സ്ഥിരത, സീനിയോരിറ്റി, കരിയർ വളർച്ച, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നഷ്ടപ്പെടുന്നതിന് ഇത് പകരമാകുന്നില്ല. ഇത് തൊഴിൽ സുരക്ഷയേയും തൊഴിലാളി അവകാശങ്ങളെയും കൂട്ടായ വിലപേശൽ ശക്തിയേയും തകർക്കുന്നു.

### 7. സ്ത്രീതൊഴിലാളികൾക്ക് തുല്യ അവസരങ്ങളും സുരക്ഷിതത്വവും

രാത്രി ഷിഫ്റ്റുകൾ അനുവദിക്കുമ്പോൾ വ്യക്തമായ സുരക്ഷാ മുൻകരുതലുകളോ സമ്മതത്തിനുള്ള വിശ്വസനീയമായ സംവിധാനങ്ങളോ ഉറപ്പാക്കുന്നില്ല. ഇത് നിർബന്ധിത സമ്മതം എന്ന അവസ്ഥയിലേക്ക് നയിച്ചേക്കാം. കരാർവൽക്കരണം, വേതന അസമത്വം, തൊഴിലിടങ്ങളിലെ പീഡനം, പ്രസവാവധി നിഷേധിക്കൽ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ കോഡുകൾ പരാജയപ്പെടുന്നു. പരിശോധനാ സംവിധാനങ്ങൾ ദുർബലമാകുന്നതോടെ ലിംഗവിവേചനത്തിനെതിരായ വ്യവസ്ഥകൾ ഫലപ്രദമല്ലാതാകും.











## ടെക്നിക്കൽ സെഷൻ – 2

### തൊഴിൽകോഡുകളെ പ്രത്യാഘാതങ്ങളെ നേരിടുന്നതിനുള്ള ബദൽ തന്ത്രങ്ങൾ

ദേശീയ ലേബർ കോൺക്ലേവിന്റെ ഭാഗമായി തൊഴിൽകോഡുകളെ പ്രത്യാഘാതങ്ങളെ നേരിടുന്നതിനുള്ള ബദൽ തന്ത്രങ്ങൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ടെക്നിക്കൽ സെഷനിൽ മുൻ രാജ്യസഭാംഗം എളമരം കരീം സെഷന്റെ അധ്യക്ഷത വഹിച്ചു. എക്സ്.എൽ.ആർ.ഐ മുൻ പ്രൊഫ.ശ്യാം സുന്ദർ മുഖ്യ പ്രഭാഷണം നടത്തി. സെഷനിൽ ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ, എ.ഐ.ടി.യു.സി ദേശീയ ജനറൽ സെക്രട്ടറി അമർജീത് കൗർ, എൽ.പി.എഫ് ദേശീയ ഓർഗനൈസിങ്ങ് സക്രട്ടറി വി.വേലുസ്വാമി, സേവ ദേശീയ വൈസ് പ്രസിഡന്റ് സോണിയ ജോർജ്ജ്, എ.ഐ.സി.സി.ടി.യു ദേശീയ വൈസ് പ്രസിഡന്റ് ക്ളിഫ്റ്റൻ ഡി റൊസാരിയോ, തൊഴിൽ നിയമ വിദഗ്ധൻ വർക്കിച്ചൻ പേട്ട തുടങ്ങിയവർ പങ്കെടുത്തു.

സെഷനിൽ പങ്കെടുത്ത വിദഗ്ധർ താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തു.


### 8. എം.എസ്.എം.ഇ, തോട്ടം, ഖനി, നിർമ്മാണ തൊഴിലാളികളുടെ സംരക്ഷണം

ലേബർ കോഡുകളിലെ സ്വയം സാക്ഷ്യപ്പെടുത്തൽ, ഇളവുകൾ, പരിധി ഉയർത്തൽ എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ-പ്രത്യേകിച്ച് തൊഴിൽ സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച കോഡ് 2020 എന്നിവ നിയമപരമായ സുരക്ഷാ മാനദണ്ഡങ്ങളെയും തൊഴിൽ അവകാശങ്ങളെയും ഗണ്യമായി ദുർബലപ്പെടുത്തുന്നു. എം.എസ്.എം.ഇ മേഖലയിലെ വലിയൊരു വിഭാഗം തൊഴിലാളികൾ നിയമപരമായ മേൽനോട്ടത്തിൽ നിന്ന് പുറത്താകുന്നു.

ഫണ്ട് മാനേജ്മെന്റിലെ സുതാര്യതയോ ആനുകൂല്യ വിതരണമോ ഉറപ്പാക്കാൻ കോഡുകൾക്ക് കഴിയുന്നില്ല. അപകടസാധ്യതയുള്ള ഖനനം, തോട്ടം മേഖലകളിലെ പരിശോധനകൾ കുറയ്ക്കുന്നത് തൊഴിലിടങ്ങളിലെ അപകടങ്ങൾ വർധിക്കാൻ കാരണമാകും.


### 9. 'വ്യവസായം' എന്ന നിർവചനത്തിൽ നിന്ന് ജീവകാരുണ്യ സ്ഥാപനങ്ങളെ ഒഴിവാക്കൽ


ജീവകാരുണ്യ, സാമൂഹിക, പരോപകാര സ്ഥാപനങ്ങളെ 'വ്യവസായം' എന്ന നിർവചനത്തിൽ നിന്ന് ഒഴിവാക്കുന്നത് വലിയൊരു വിഭാഗം തൊഴിലാളികൾക്ക് നിയമപരിരക്ഷ നഷ്ടമാകാൻ ഇടയാക്കും. 'ബാംഗ്ളൂർ വാട്ടർ സപ്ളൈ ആൻഡ് സീവറേജ് ബോർഡ് കേസി'ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിലൂടെ 1978 മുതൽ ഈ മേഖലയിലെ തൊഴിലാളികൾക്ക്













ലഭിച്ചരുന്ന സംരക്ഷണമാണ് ഇതോടെ ഇല്ലാതാകുന്നത്. 2020-ലെ സാമൂഹ്യ സുരക്ഷാ കോഡിനു കീഴിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിട, മറ്റ് നിർമ്മാണ തൊഴിലാളികളുടെ ക്ഷേമചട്ടക്കൂട് നിലവിലുണ്ടെങ്കിലും ഇത് തൊഴിലാളികളുടെ ചൂഷണത്തിന് വഴിയൊരുക്കുകയും വ്യാവസായിക തർക്ക പരിഹാരത്തിനുള്ള അവസരങ്ങൾ നിഷേധിക്കുകയും ചെയ്യും.

## 10. വ്യാവസായിക തർക്ക പരിഹാരം

ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് (2020) പണിമുടക്കാനുള്ള അവകാശത്തെ കർശനമായി നിയന്ത്രിക്കുന്നു. സമവായ ചർച്ചകൾക്കിടയിലും അതിനു ശേഷവും പണിമുടക്ക് നിരോധിക്കുന്നത് തൊഴിലാളികളുടെ വിലപേശൽ ശക്തിയെ ദുർബലപ്പെടുത്തുന്നു.

പിരിച്ചു വിടലിനും ലേ-ഓഫിനും സർക്കാർ അനുമതി ആവശ്യമുള്ള സ്ഥാപനങ്ങളുടെ പരിധി 100 തൊഴിലാളികളിൽ നിന്ന് 300 ആയി ഉയർത്തിയത് 90 ശതമാനം സ്ഥാപനങ്ങളിലും 'ഹയർ ആൻഡ് ഫയർ' നയം നടപ്പാക്കാൻ വഴിയൊരുക്കും. തർക്ക പരിഹാര നടപടികൾ വേഗത്തിലാക്കുന്നതിന് പകരം, കാലതാമസം വർധിക്കാനാണ് സാധ്യത. നിയമം നടപ്പാക്കുന്നതിൽ നിന്നു മാറി തൊഴിൽ സൃഷ്ടിക്കുന്നതിൽ 'ഫെസിലിറ്റേറ്റർ' റോളിലേക്ക് മാറാനാണ് സർക്കാർ ശ്രമിക്കുന്നത്.

## 11. 'ഇൻസ്പെക്ടർ–കം–ഫെസിലിറ്റേറ്റർ: സുതാര്യത മെച്ചപ്പെടുത്തൽ

സാമൂഹിക സുരക്ഷാ കോഡ്(2020), തൊഴിൽ സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കോഡ് (2020) എന്നിവയിലുടനീളമുള്ള ഈ വ്യവസ്ഥകൾ ഇൻസ്പെക്ടർ-കം-ഫെസിലിറ്റേറ്റർ മാതൃകയെ നിയമപരമാക്കുന്നു. പരാതി അധിഷ്ഠിതമായ നേരിട്ടുള്ള പരിശോധനകളിൽ നിന്നുള്ള ഈ ചുവട്മാറ്റം, നിയമപാലനം ദുർബലമാക്കുന്നതിനും തൊഴിലാളികൾക്കുള സംരക്ഷണം കുറയ്ക്കുന്നതിനും കാരണമാകുമെന്ന ഗൗരവകരമായ ആശങ്കകൾ ഉയർത്തുന്നു. സ്വതന്ത്ര ലേബർ ഇൻപെക്ടമാർക്ക് പകരം 'ഇൻസ്പെക്ടർ-കം-ഫെസിലിറ്റേറ്റർമാരെ നിയമിച്ചതും അൽഗോരിതം അധിഷ്ഠിത പരിശോധനാ രീതികളിലേക്കുള്ള മാറ്റവും പരാതി അധിഷ്ഠിത പരിശോധനാ സംവിധാനങ്ങളുടെ ലഘൂകരണവും സുതാര്യതയേക്കാൾ ഉപരിയായി നിയമങ്ങളുടെ അനിയന്ത്രിതമായ ലഘൂകരണത്തെ സൂചിപ്പിക്കുന്നു.

സെൻട്രലൈസ്ഡ് റാൻഡം ഇൻസ്പെക്ഷനുകളും സെൽഫ് സർട്ടിഫിക്കേഷനിലുള്ള വർധിച്ച ആശ്രയത്വവും കൂടിച്ചേരുമ്പോൾ വേതന മാനദണ്ഡങ്ങൾ, തൊഴിൽ സുരക്ഷാ നിലവാരങ്ങൾ, പ്രവൃത്തി സമയം, സാമൂഹിക സുരക്ഷാ വ്യവസ്ഥകൾ എന്നിവയുടെ ലംഘനത്തിന് വഴിയൊരുക്കും. ഈ പ്രക്രിയയിലൂടെ ചൂഷണങ്ങൾ റിപ്പോർട്ട് ചെയ്യാനും പരിഹാരം തേടാനുമുള്ള നിർണായകമായ നിയമപരമായ അവകാശം തൊഴിലാളികൾക്ക് നഷ്ടമാകുന്നു.

## 12. ലേബർ ഫ്ളക്സിബിലിറ്റി –

കൂടുതൽ തൊഴിൽ അവസരങ്ങളും നിക്ഷേപവും സൃഷ്ടിക്കുന്നു തൊഴിൽ നിയമങ്ങളിൽഇളവുകൾ നൽകുന്നത് കൂടുതൽ തൊഴിലവസരങ്ങൾക്കും നിക്ഷേപത്തിനും കാരണാകുമെന്ന അവകാശവാദത്തിന് ഇന്ത്യയിലോ അന്തർദേശീയമായോ വിശ്വസനീയമായ തെളിവുകളില്ല. 2024-15 കാലഘട്ടത്തിൽ രാജസ്ഥാൻ സർക്കാർ നടപ്പാക്കിയ മാതൃകാപരമായ തൊഴിൽ നിയമഭേദഗതികൾ പോലും സുസ്ഥിരമായ തൊഴിൽ സൃഷ്ടിക്കുന്നതിൽ പരാജയപ്പെടുകയും പകരം കരാർവൽക്കരണം വർധിപ്പിക്കുകയുമാണ് ചെയ്തത്.

വർധിച്ചു വരുന്ന തൊഴിലില്ലായ്മ, അനൗദ്യോഗിക തൊഴിൽ

മേഖല, സ്ഥിരതയില്ലാത്ത തൊഴിൽ സാഹചര്യങ്ങൾ എന്നിവ ഇന്ത്യ നേരിടുന്ന വലിയ വെല്ലുവിളികളാണ്. അതേ സമയം സുസ്ഥിരമായ തൊഴിൽ പ്രദാനം ചെയ്യുന്ന നിക്ഷേപങ്ങൾ കുറയുന്നതായി റിസർവ് ബാങ്ക് ഉൾപ്പെടെയുള്ള ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ, ലേബർ കോഡുകൾ സ്ഥിരമായ തൊഴിലിന് പകരം ഹ്രസ്വകാല കരാർ ജോലികൾ, അപ്രന്റീസുകൾ, ട്രെയിനികൾ, ഇന്റേണുകൾ എന്നിവരെ നിയമിക്കുന്നതിലൂടെ തൊഴിൽ അരക്ഷിതാവസ്ഥ വർധിപ്പിക്കാനാണ് സാധ്യത.

## 13. 'വിപുലമായ സ്റ്റേക്ക് ഹോൾഡർ ചർച്ചകൾ'

കഴിഞ്ഞ ഒരു പതിറ്റാണ്ടായി രാജ്യത്തെ പരോമന്നത് ത്രികക്ഷി ചർച്ചാ വേദിയായ ഇൻഡ്യൻ ലേബർ കോൺഫറൻസ് വിളിച്ചു ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച് വിശദമായ കൂടിയാലോചനകൾ നടന്നു എന്ന വാദം തെറ്റാണെന്ന് ഇത് തെളിയിക്കുന്നു. സി.ഐ.ടി.യു.സി, എ.ഐ.ടി.യു.സി, ഐ.എൻ.ടി.യു.സി തുടങ്ങി എല്ലാ പ്രമുഖ ട്രേഡ് യൂണിയനുകളും ലേബർ കോഡുകളെ ഏകകണ്ഠമായി എതിർക്കുകയും രേഖാമൂലമുള്ള തടസവാദങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ ആശങ്കകൾ പരിഗണിക്കപ്പെട്ടില്ല. പ്രതിപക്ഷത്തിന്റെ അഭാവത്തിലാണ് പാർലമെന്റ് ഈ കോഡ് പാസാക്കിയത്. ഇത് ജനാധിപത്യപരവും ത്രികക്ഷിപരവുമായ നടപടിക്രമങ്ങളെ ദുർബലപ്പെടുത്തുന്നു.

രണ്ടു സെഷനുകൾക്ക് ശേഷം ഇതിനെ അടിസ്ഥാനമാക്കി പൊതുചർച്ചയും ക്രോഡീകരണവും നടന്നു. കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ സുനിൽ തോമസ് നന്ദി പറഞ്ഞു.











## പ്രധാന തീരുമാനങ്ങളും നിലപാടുകളും

29 പ്രധാന തൊഴിൽ നിയമങ്ങളെ ക്രോഡീകരിച്ച് കേന്ദ്രം കൊണ്ടു വന്ന നാല് ലേബർ കോഡുകൾ തൊഴിലാളി താൽപ്പര്യമല്ല. മറിച്ച് കോർപ്പറേറ്റുകളുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നത്. ഇത് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവൻഷനുകൾക്ക് വിരുദ്ധമാണ്. 2015-ന് ശേഷം ഇന്ത്യൻ ലേബർ കോൺഗ്രസ് വിളിച്ചു ചേർക്കാതെയും ട്രേഡ് യൂണിയനുകളുമായി മതിയായ ചർച്ച നടത്താതെയുമാണ് ഈ നിയമങ്ങൾ അടിച്ചേൽപ്പിച്ചത്. രാജ്യത്തെ പല സംസ്ഥാനങ്ങളും ലേബർ കോഡുകൾക്ക് അനുകൂലമായി നിയമഭേദഗതി വരുത്തിയപ്പോൾ തൊഴിലാളിവിരുദ്ധമായ ഒരു ഭേദഗതിയും വരുത്തില്ലെന്ന ഉറച്ച നിലപാടിലാണ് കേരളം. തൊഴിൽ എന്നത് ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ ഭരണഘടനാപരമായ അധികാരം ഉപയോഗിക്കും.










## ലേബർ കോഡുകളിലെ പ്രധാന ആശങ്കകൾ

ജോലി സമയം എട്ടു മണിക്കൂർ എന്നത് 12 മണിക്കൂർ വരെ ദീർഘിപ്പിക്കാൻ അനുമതി നൽകുന്നത് തൊഴിൽ ചൂഷണത്തിന് വഴിതുറക്കും. ഫിക്സഡ് ടേം എംപ്ലോയ്മെന്റ് വഴി ജോലി സ്ഥിരത എന്ന സങ്കൽപ്പം തന്നെ ഇല്ലാതാക്കുന്നു. പണിമുടക്കാനുള്ള അവകാശത്തെയും സംഘടിക്കാനുള്ള അവകാശത്തെയും പുതിയ നിയമങ്ങൾ ദുർബലപ്പെടുത്തുന്നു.

ഗിഗ് തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിലെ ഭൂരിഭാഗം പേർക്കും സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ പുതിയ കോഡുകൾ പരാജയമാണ്. ലേബർ കോൺക്ളേവിന്റെ തീരുമാന പ്രകാരം കേന്ദ്ര ലേബർ കോഡുകളിലെ തൊഴിലാളി വിരുദ്ധത ചൂണ്ടിക്കാട്ടി കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളോടൊപ്പം സംസ്ഥാന തൊഴിൽ മന്ത്രി കേന്ദ്ര തൊഴിൽ മന്ത്രിയെ നേരിൽ കാണും.

തൊഴിലാളികളുടെ ആവശ്യങ്ങൾ ദേശീയതലത്തിൽ ഉന്നയിക്കാനും സമ്മർദം ചെലുത്താനും കേരള സർക്കാർ നേതൃത്വം നൽകും. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ കേരളം ഇന്ത്യക്ക് ഒരു മാതൃകയായി തുടരും. ഐ.ടി, ഗിഗ് ഇക്കണോമി, കുടിയേറ്റ തൊഴിലാളികൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളുടെയും സുരക്ഷ സർക്കാർ ഉറപ്പാക്കും.






# കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരേ കരുത്തുറ്റ ചുവടുവയ്പ്പുമായി കേരളം




## ലേബർ കോഡുകളെ കുറിച്ച് പഠിക്കാൻ സമിതി

ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കാനും വേണ്ടി മൂന്ന് നിയമവിദഗ്ധർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാൻ ദേശീയ ലേബർ കോൺക്ളേവ് തീരുമാനിച്ചു. ജസ്റ്റിസ് ഗോപാല ഗൗഡ, പ്രൊഫ.ശ്യാംസുന്ദർ, വർക്കിച്ചൻ പേട്ട എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. ഇതിനു പുറമേ നിയമ-ഗവേഷക അംഗങ്ങളെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റി രണ്ടു മാസത്തിനുള്ളിൽ ഇതു സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കും.

കേന്ദ്ര സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നാല് ലേബർ കോഡുകൾക്കെതിരായ തൊഴിലളി വർഗത്തിന്റെയും കേരളത്തിന്റെയും ശക്തമായ നിലപാട് പ്രഖ്യാപിച്ചു കൊണ്ട് സംസ്ഥാന തൊഴിൽ വകുപ്പ് സംഘടിപ്പിച്ച ലേബർ കോൺക്ളേവ് സമാപിച്ചു. തൊഴിലാളികളുടെ മൗലികാവകാശങ്ങളെ കവർന്നെടുക്കുന്ന കേന്ദ്ര നിയമങ്ങൾക്കെതിരേ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം തുടരും. ഇതു സംബന്ധിച്ച പ്രമേയം ഏകകണ്ഠമായി കോൺക്ളേവ് പാസ്സാക്കി.



# സമഗ്രം! സമയബന്ധിതം
# ചാലകശക്തിയായി
# [റിട്ട.] ജസ്റ്റിസ് ഗോപാല ഗൗഡ കമ്മിറ്റി റിപ്പോർട്ട്

2026 ജനുവരി 22-ാം തീയതിയിലുള്ള G.O. (Rt) No. 74/2026/ LBR സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യാ പാർലമെന്റ് പാസാക്കിയ നാല് തൊഴിൽ കോഡുകൾ പഠിക്കുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യുന്നതിനായി, ഇന്ത്യയുടെ സുപ്രീംകോടതിയിലെ മുൻ ജഡ്ജിയായ ജസ്റ്റിസ് (റിട്ട.) ഗോപാല ഗൗഡയുടെ അധ്യക്ഷതയിൽ കേരള സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നു. സംസ്ഥാനത്തിലെ തൊഴിലാളികളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി സംസ്ഥാനതല നിയമനിർമാണങ്ങൾ ശുപാർശ ചെയ്യുന്നതും സമിതിയുടെ ചുമത ലയിലുൾപ്പെടുത്തി.

ആദ്യഘട്ടത്തിൽ രൂപീകരിക്കപ്പെട്ട സമിതി പിന്നീട് കൂടുതൽ വിദഗ്ധ അംഗങ്ങളെ സഹഅംഗങ്ങളായി ഉൾപ്പെടുത്തി. തൊഴിൽനിയമ മേഖലയിലെ വിദഗ്ധരുമായി കൂടിക്കാഴ്ചകളും വിവിധ താൽപര്യകക്ഷികളുമായി വ്യാപകമായ ചർച്ചകളും ന ടത്തിയ ശേഷം സമിതി വിഷയത്തെക്കുറിച്ച് വിശദമായ ആലോചനകൾ നടത്തി. ഈ ചർച്ചകളും പഠനങ്ങളും പൂർത്തിയാക്കിയ ശേഷം ജസ്റ്റിസ് ഗോപാല ഗൗഡ അധ്യക്ഷനായ സമിതി 2026 മാർച്ച് 9-ന് നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് കേരള സർക്കാരിന് സമർപ്പിച്ചു.

സമിതി സമർപ്പിച്ച റിപ്പോർട്ട് നാല് പ്രധാന ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു.

**ഭാഗം I** ഇന്ത്യയുടെ ഭരണഘടനയുടെ പരിധിയിൽ നിന്നുകൊണ്ട് തൊഴിൽ കോഡുകൾ പരിശോധിക്കുന്നു. ഭരണഘടനയുടെ പ്രിയാംബിളിലും സംസ്ഥാന നയനിർദ്ദേശക തത്വങ്ങളിലും പ്രതിഫലിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ നീതിയോടുള്ള പ്രതിബദ്ധതയെ പ്രത്യേകമായി വിലയിരുത്തുന്നതാണ് ഈ ഭാഗം.

**ഭാഗം II** തൊഴിൽ കോഡുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയെ വിശകലനം ചെയ്യുകയും നിലവിലുള്ള തൊഴിൽനിയമങ്ങളുടെ ചട്ടക്കൂടിനുള്ളിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമായ ഭരണ ഘടനാപ രവും നിയമനിർമാണപരവുമായ അധികാരങ്ങളെ വിശദമായി പരിശോ ധിക്കുകയും ചെയ്യുന്നു.

**ഭാഗം III** നാല് തൊഴിൽ കോഡുകളെയും പ്രത്യേകം പ്ര ത്യേകം പരിശോധിച്ച് ഭരണഘടനാപരമായ തത്വങ്ങളോടും സാമൂഹ്യനീതിയുടെ ലക്ഷ്യങ്ങളോടും പൊരുത്തപ്പെടുന്നതിന് ആവശ്യമായ ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

**ഭാഗം IV** നിലവിലുള്ള നിയമചട്ടക്കൂടിനടിയിൽ മതിയായ സംരക്ഷണം ലഭിക്കാത്ത പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളായ തൊഴിലാളികളെ സംരക്ഷിക്കാൻ ലക്ഷ്യ മിട്ടുള്ള മൂന്ന് കരട് ബില്ലുകൾ നിർദ്ദേശിക്കുന്നു.

തൊഴിൽ കോഡുകളുടെ വ്യവസ്ഥകൾ വിശദമായി പ രിശോധിക്കുമ്പോൾ അവയിലെ ചില ഘടകങ്ങൾ സാമൂഹ്യവും സാമ്പത്തികവുമായ നീതിയെ ലക്ഷ്യമാക്കി രൂപകൽപ്പന ചെയ്തിരിക്കുന്ന ഇന്ത്യയുടെ ഭരണഘടനാപരമായ നിലപാടിന് വിരുദ്ധമായി കാണപ്പെടാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ട് നിരീ ക്ഷിക്കുന്നു.

സമിതി പരിഗണിച്ച മറ്റൊരു പ്രധാന വിഷയമാണ് തൊഴിൽ കോഡുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം.

## കൺകറന്റ് ലിസ്റ്റിലെ തൊഴിൽ: ഭരണഘടനാപരമായ ചട്ടക്കൂട്

ഇന്ത്യൻ ഭരണഘടനയിലെ ഏഴാം പട്ടികയിലെ കൺകറന്റ് ലിസ്റ്റിൽ (List III) തൊഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനാൽ തൊഴിലും വ്യവസായബന്ധങ്ങളും സംബന്ധിച്ച വിഷയങ്ങളിൽ ഇന്ത്യാ പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും നിയമനിർമാണ അധികാരം ലഭ്യമാണ്.

അതിനാൽ കേന്ദ്ര-സംസ്ഥാന അധികാരവിഭജനത്തെ നിയന്ത്രിക്കുന്ന ഭരണഘടനാപരമായ വ്യവസ്ഥകൾക്ക് വിധേയമായി തൊഴിൽ വിഷയങ്ങളിൽ നിയമങ്ങൾ പാസാക്കുകയോ ഭേദഗതികൾ കൊണ്ടുവരുകയോ ചെയ്യാനുള്ള അധികാരം സംസ്ഥാന നിയമസഭയ്ക്ക് ഉണ്ട്.

തൊഴിലാളി അനുകൂല നിയമങ്ങൾ കൊണ്ടുവരുന്നതിൽ ദീർഘവും ശ്രദ്ധേയവുമായ ഒരു പാരമ്പര്യം കേരളത്തിനുണ്ട്. ഉദാഹരണത്തിന് കേരള കാർഷിക തൊഴിലാളി നിയമം, 1974 കാർഷിക തൊഴിലാളികൾക്കായി ക്ഷേമബോർഡുകളും സാമൂഹ്യസുരക്ഷാ പദ്ധതികളും രൂപീകരിച്ച ഒരു മുൻഗാമിയായ നിയമമാണ്.

ഇതിനു പുറമേ, കശുവണ്ടി, ബീഡി, ഹെഡ് ലോഡ് , മത്സ്യം, നിർമ്മാണം, തയ്യൽ, എന്നീ വിവിധ മേഖലകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി സമഗ്രമായ ക്ഷേമബോർഡ് സംവിധാനം സൃഷ്ടിച്ചതിലൂടെ കേരളം ലോകത്തിന് തന്നെ മാതൃകയാണ്. നിലവിൽ കേരളത്തിൽ 26 ക്ഷേമ പദ്ധതികൾ നിയമപരമായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ നിർണായകമായ പങ്ക് വഹിക്കുന്ന ഒരു തൊഴിൽ മേഖലയെ നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സംസ്ഥാനതല നിയമത്തിന്റെ മികച്ച ഉദാഹരണമാണ് കേരള ഹെഡ് ലോഡ് തൊഴിലാളി നിയമം, 1978.

നിലവിലുള്ള നിയമങ്ങൾ, കരാറുകൾ, ഉടമ്പടികൾ അല്ലെങ്കിൽ സേവന വ്യവസ്ഥകൾ പ്രകാരം തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ കഴിയുമെന്ന് തൊഴിൽ കോഡുകൾ തന്നെ അംഗീകരിക്കുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഈ പശ്ചാത്തലത്തിൽ Code on Social Security, 2020-ലെ വകുപ്പ് 161, Occupational Safety, Health and Working Conditions Code, 2020-ലെ വകുപ്പ് 120, Industrial Relations Code, 2020-ലെ വകുപ്പ് 76 എന്നിവ ശ്രദ്ധേയമാണ്.

ഈ വകുപ്പുകൾ വ്യക്തമാക്കുന്നത്, ഏതെങ്കിലും നിയമം, കരാർ, ഒത്തുതീർപ്പ്, അല്ലെങ്കിൽ സേവന കരാർ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് കൂടുതൽ അനുകൂലമായ ആനുകൂല്യങ്ങൾ ലഭ്യമാണെങ്കിൽ അവ തുടർന്നും പ്രാബല്യത്തിൽ നിലനിൽക്കും എന്നതാണ്.

അവസാനമായി, നിലവിലുള്ള നിയമചട്ടക്കൂടിൽ മതിയായ സംരക്ഷണം ലഭിക്കാത്ത അസംഘടിതവും അനൗപചാരികവുമായ മേഖലകളിലെ തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി മൂന്ന് സംസ്ഥാന നിയമങ്ങൾ കൊണ്ടുവരണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

റിപ്പോർട്ടിൽ താഴെപ്പറയുന്ന കരട് ബില്ലുകളുടെ രൂപരേഖകൾ ഉൾപ്പെടുത്തി യിട്ടുണ്ട്:

a) The Kerala Conferment of Permanent Status to Workmen Bill

b) The Informal Workers (Regulation of Employment and Conditions of Work) Bill

b) The Kerala Sanitation and Housekeeping Workers (Recognition protection and Welfare) Bill

ഈ കരട് ബില്ലുകൾ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽസുരക്ഷ ഉറപ്പാക്കുക, തൊഴിലവസ്ഥകൾ ക്രമീകരിക്കുക, കൂടാതെ അസംഘടിതവും അനൗപചാരികവുമായ മേഖലകളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സംരക്ഷണവും ക്ഷേമസംവിധാനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.


## Committe members


Retd Just Gopala gowda



Prof syamsundar



Sri Varkiachan Pettah


Adv Gayatri Singh


Adv Maitreyi Krishna


Prof Babu Mathew


Adv Colin Gonslaves


Adv Chander Uday Singh


Sri Ravinsankar






KILE EC MEMBERS



Kerala Institute
of Labour and
Employment (KILE)

www.kile.kerala.gov.in
kiletvm@gmail.com
0471 2309012